2025
DECEMBER
15
MONDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## ലക്ഷദ്വീപിൽ നിക്ഷേപക സംഗമം
# 519 കോടിയുടെ നിക്ഷേപ സാധ്യതകൾ

**ന്യൂഡൽഹി:**കേന്ദ്ര സർക്കാരിന്റെ മത്സ്യബന്ധന, മൃഗസംരക്ഷണ ഡയറി മന്ത്രാലയത്തിന്റെ കീഴിലുള്ള മത്സ്യബന്ധന വകുപ്പ്, ലക്ഷദ്വീപ് കേന്ദ്രഭരണപ്രദേശത്തിന്റെ ഭരണകൂടവുമായി സഹകരിച്ച്, ലക്ഷദ്വീപിലെ ബംഗാരം ദ്വീപിൽ 'ലക്ഷദ്വീപ് ദ്വീപുകളുടെ മത്സ്യബന്ധനവും ജലകൃഷിയും: നിക്ഷേപ സാധ്യതകൾ' എന്ന വിഷയത്തിൽ ആദ്യമായി നിക്ഷേപക സംഗമം സംഘടിപ്പിച്ചു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നിക്ഷേപകർ പങ്കെടുത്ത സംഗമത്തിൽ ഏകദേശം 519 കോടി രൂപയുടെ നിക്ഷേപ സാധ്യതകൾ കണ്ടെത്തി. ഇന്ത്യയുടെ എക്സ്ക്ലൂസീവ് ഇക്കണോമിക് സോണിൽ (EEZ) മത്സ്യബന്ധനം നിയന്ത്രിക്കുന്നതിനായി സർക്കാർ പുതിയ ചട്ടങ്ങൾ പുറത്തിറക്കിയിട്ടുണ്ടെന്നും ഇതിന്റെ ഭാഗമായി അംഗീകൃത 'ആക്സസ് പാസ്' ഉപയോഗിച്ച് മത്സ്യത്തൊഴിലാളികൾക്ക് ഇഇഇസിയിൽ നിയമപരമായി മത്സ്യബന്ധനം നടത്താനും ഉയർന്ന മൂല്യമുള്ള ട്യൂണയുൾപ്പെടെയുള്ള മത്സ്യോൽപ്പന്നങ്ങൾ അന്താരാഷ്ട്ര വിപണിയിലേക്ക് കയറ്റുമതി ചെയ്യാനും കഴിയുമെന്നും സംഗമത്തിൽ മുഖ്യപ്രഭാഷണം നടത്തിയ കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ് പറഞ്ഞു. അന്താരാഷ്ട്ര നിയമപ്രകാരം ഇന്ത്യയുടെ ഇഇഇസിയിലെ മത്സ്യവിഭവങ്ങൾ ഇനി 'ഇന്ത്യൻ ഒറിജിൻ' ആയി അംഗീകരിക്കപ്പെടുമെന്നും അദ്ദേഹം പറഞ്ഞു.

'ഹൈ സീസ് ഫിഷിംഗ് ഗൈഡ്‌ലൈനുകൾ' വഴി ഇന്ത്യൻ പതാക വഹിക്കുന്ന മത്സ്യബന്ധന കപ്പലുകൾക്ക് ഈ ജലപ്രദേശങ്ങളിൽ പ്രവർത്തിക്കാൻ നിയമപരമായ അവകാശം നൽകിയിട്ടുണ്ടെന്നും, ആഗോള വിപണിയിൽ വലിയ ആവശ്യകതയുള്ള ട്യൂണ പോലുള്ള ഉയർന്ന മൂല്യമുള്ള മത്സ്യവിഭാഗങ്ങളിൽ ലക്ഷദ്വീപിന് വലിയ സാധ്യതകളുണ്ടെന്നും അദ്ദേഹം പറഞ്ഞു. ലക്ഷദ്വീപിലെ ഉപയോഗിക്കപ്പെടാത്ത മത്സ്യബന്ധന സാധ്യതകളിലേക്ക് ശ്രദ്ധ ചെലുത്തണമെന്ന് ചടങ്ങിൽ സംസാരിച്ച സഹമന്ത്രി പ്രൊഫ. എസ്.പി. സിംഗ് ബാഗേൽ പറഞ്ഞു. പോൾ ആൻഡ് ലൈൻ, ഹാൻഡ്‌ലൈൻ രീതികളിൽ നടക്കുന്ന ട്യൂണ മത്സ്യബന്ധനം ശുചിത്വപരവും സുസ്ഥിരവുമെന്ന നിലയിൽ ആഗോള അംഗീകാരം നേടിയിട്ടുണ്ടെന്നും, ഉചിതമായ ബ്രാൻഡിംഗ്, സർട്ടിഫിക്കേഷൻ, ആധുനിക മൂല്യശൃംഖല വികസനം എന്നിവയിലൂടെ ലക്ഷദ്വീപ് ട്യൂണയെ അന്താരാഷ്ട്ര വിപണിയിലെ ഉയർന്ന തലങ്ങളിലെത്തിക്കുമെന്നും അദ്ദേഹം പറഞ്ഞു.

കടൽപ്പായൽ കൃഷി, അലങ്കാര മത്സ്യബന്ധനം തുടങ്ങിയ പുതിയ നിക്ഷേപ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് സഹമന്ത്രി ജോർജ് കുര്യൻ പറഞ്ഞു. ലക്ഷദ്വീപിലെ തടാകങ്ങൾ കടൽപ്പായൽ കൃഷിക്ക് അനുയോജ്യമായ സാഹചര്യമാണെന്നും, ഹാച്ചറികളും ബ്രൂഡ്സ്റ്റോക്ക് വികസനവും വഴി അലങ്കാര മത്സ്യവ്യാപാരത്തിൽ ആഗോള വിപണി കൈവരിക്കാമെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യയുടെ വിശാലമായ ഇഇഇസി പ്രയോജനപ്പെടുത്തി ഉൽപ്പാദനം വർധിപ്പിക്കുകയും മൂല്യവർധിത സമുദ്രോൽപ്പന്നങ്ങൾ വികസിപ്പിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം ചൂണ്ടിക്കാട്ടി. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ബ്ലൂ റെവല്യൂഷൻ ദർശനം യാഥാർത്ഥ്യമാക്കാനുള്ള കൂട്ടായ പ്രതിബദ്ധതവേണമെന്നും ലക്ഷദ്വീപിന്റെ ആദ്യ മത്സ്യബന്ധന നയം രൂപപ്പെടുത്തുന്നതിനായി മേഖലായിൽ നയപരമായ നിർദേശങ്ങൾ പങ്കുവെക്കണമെന്നും ലക്ഷദ്വീപ് ഭരണാധികാരി പ്രഫുൽ പട്ടേൽ അഭ്യർഥിച്ചു. മിനിക്കോയ് വിമാനത്താവള വികസനം, സഹകരണ സംഘങ്ങളുടെ ശക്തിപ്പെടുത്തൽ തുടങ്ങിയ പദ്ധതികളും അദ്ദേഹം പരാമർശിച്ചു.സംഗമത്തിന്റെ ഭാഗമായി നടന്ന സംവാദ സദസിൽ നിക്ഷേപകർ തങ്ങളുടെ അനുഭവങ്ങൾ പങ്കുവെക്കുകയും വെല്ലുവിളികൾ ചൂണ്ടിക്കാണിക്കുകയും ചെയ്തു. ഉൽപ്പന്നങ്ങൾ, കരയിലേക്കുള്ള ഗതാഗതം, കോൾഡ് സ്റ്റോറേജ് സൗകര്യങ്ങളുടെ അഭാവം, ഐസ് പ്ലാന്റുകൾ, വിളവെടുപ്പിന് ശേഷമുള്ള മത്സ്യസംഭരണ, സംസ്കരണ കേന്ദ്രങ്ങളുടെ ആവശ്യകത തുടങ്ങിയ വിഷയങ്ങൾ നിക്ഷേപകർ ഉന്നയിച്ചു. സാഷിമി ഗ്രേഡ് ട്യൂണയ്ക്ക് മൂല്യവർധന കേന്ദ്രങ്ങൾ, മത്സ്യതൈലം ശുദ്ധീകരണ യൂണിറ്റുകൾ, നിപുണ തൊഴിലാളികളുടെ ലഭ്യത, അലങ്കാര മത്സ്യങ്ങളുടെ ബ്രൂഡ് ബാങ്കുകൾ എന്നിവയും ലക്ഷദ്വീപിന്റെ ഇഇഇസി തന്ത്രപരമായി ഉപയോഗിക്കുന്നതിനുള്ള ആവശ്യങ്ങളും അവർ ചൂണ്ടിക്കാട്ടി.




ദ്വീപുകളിലെ മത്സ്യബന്ധന വികസനം വേഗത്തിലാക്കാൻ കൂട്ടായ ശ്രമങ്ങൾ ആവശ്യമാണെന്ന് മത്സ്യബന്ധന വകുപ്പ് സെക്രട്ടറി ഡോ. അഭിലക്ഷ് ലിഖി പറഞ്ഞു. നിക്ഷേപകരുടെ നിർദേശങ്ങൾ പരിഗണിക്കുമെന്നും, ബിസിനസ് സുഗമമാക്കുന്നതിനായി സിംഗിൾ വിൻഡോ സംവിധാനം ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം ഊന്നിപ്പറഞ്ഞു. മത്സ്യങ്ങളുടെ ഉത്ഭവവും പിന്തുടർച്ചയും ഉറപ്പാക്കുന്ന ട്രേസബിലിറ്റി ഫ്രെയിംവർക്ക് നടപ്പാക്കേണ്ടതിന്റെ പ്രാധാന്യവും, സുസ്ഥിരത കണക്കിലെടുത്ത് മത്സ്യബന്ധന കപ്പലുകളുടെ ആധുനികവത്കരണവും അദ്ദേഹം ചൂണ്ടിക്കാട്ടി.

മത്സ്യബന്ധന വകുപ്പ് ജോയിന്റ് സെക്രട്ടറി നീതു കുമാരി പ്രസാദ, എൻഎഫ്ഡിബി ചീഫ് എക്സിക്യൂട്ടീവ് ഡോ. ബിജയ് കുമാർ ബെഹേര, ഡോ. എസ്.ബി ദീപക് കുമാർ തുടങ്ങിയവരും സംസാരിച്ചു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 22 പ്രമുഖ നിക്ഷേപകർ സംഗമത്തിൽ നേരിട്ട് പങ്കെടുത്തു. ഹൈബ്രിഡ് രീതിയിൽ സംഘടിപ്പിച്ച പരിപാടിയിൽ 200ലധികം പേർ പങ്കാളികളായി. മത്സ്യബന്ധന വകുപ്പ്, ലക്ഷദ്വീപ് ഭരണകൂടം, വിവിധ കേന്ദ്ര ഏജൻസികൾ, പ്രാദേശിക മത്സ്യത്തൊഴിലാളി സംഘടനകൾ എന്നിവയുടെ മുതിർന്ന ഉദ്യോഗസ്ഥരും സംഗമത്തിൽ പങ്കെടുത്തു.

## ട്രെയിനുകളിൽ പ്രാദേശിക ഭക്ഷണവിഭവങ്ങൾ വിളമ്പും; ആദ്യം വന്ദേഭാരതിൽ



**ന്യൂഡൽഹി:** വന്ദേ ഭാരത് ട്രെയിനുകളിൽ പ്രാദേശിക ഭക്ഷണവിഭവങ്ങൾ ലഭ്യമാക്കാൻ തീരുമാനം. കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് റെയിൽ ഭവനിൽ വിളിച്ചു ചേർത്ത ഉദ്യോഗസ്ഥതല അവലോകന യോഗത്തിലാണ് തീരുമാനം. റെയിൽവേ, ഭക്ഷ്യ സംസ്കരണ വ്യവസായ സഹമന്ത്രി രവ്നീത് സിംഗ് ബിട്ടുവും യോഗത്തിൽ സന്നിഹിതനായിരുന്നു. വന്ദേ ഭാരത് ട്രെയിനുകളിൽ പ്രാദേശിക ഭക്ഷണവിഭവങ്ങൾ ലഭ്യമാക്കാൻ കേന്ദ്ര മന്ത്രി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. യാത്രയിലൂടെ കടന്നുപോകുന്ന ഓരോ പ്രദേശത്തിന്റെയും സംസ്കാരവും അഭിരുചികളും പ്രതിഫലിപ്പിക്കുന്ന ഭക്ഷണം വാഗ്ദാനം ചെയ്യുന്നതിലൂടെ യാത്രാനുഭവം ഗണ്യമായി വർദ്ധിപ്പിക്കാനാവും.

ഭാവിയിൽ ക്രമേണ ഈ സൗകര്യം എല്ലാ ട്രെയിനുകളിലേക്കും വ്യാപിപ്പിക്കും. വ്യാജ തിരിച്ചറിയൽ സംവിധാനങ്ങൾ വഴി നടത്തുന്ന ട്രെയിൻ ടിക്കറ്റ് ബുക്കിംഗിനെതിരെ ഇന്ത്യൻ റെയിൽവേ എടുത്ത നടപടികൾ മികച്ച ഫലങ്ങൾ നൽകുന്നുണ്ടെന്നും കേന്ദ്രമന്ത്രി അഭിപ്രായപ്പെട്ടു. യഥാർത്ഥ ഉപഭോക്താക്കളെ തിരിച്ചറിയുന്നതിനും വ്യാജ തിരിച്ചറിയൽ രേഖകൾ കണ്ടെത്തുന്നതിനും കർശനമായ സംവിധാനം ഏർപ്പെടുത്തിയതിനെത്തുടർന്ന്, ഐആർസിടിസി വെബ്സൈറ്റിൽ ഇപ്പോൾ പ്രതിദിനം 5,000 പുതിയ ഉപയോക്തൃ ഐഡികളാണ് സൃഷ്ടിക്കപ്പെടുന്നത്. ഈ പുതിയ പരിഷ്കാരങ്ങൾ വരും മുമ്പ്, പുതിയ ഉപയോക്തൃ ഐഡികളായി സൃഷ്ടിക്കപ്പെടുന്നതിന്റെ എണ്ണം പ്രതിദിനം ഒരു ലക്ഷത്തോളം വരെ എത്തിയിരുന്നു. ഈ നടപടികൾ 3.03 കോടി വ്യാജ അക്കൗണ്ടുകൾ നിർജ്ജീവമാക്കാൻ ഇതിനകം തന്നെ ഇന്ത്യൻ റെയിൽവേയെ സഹായിച്ചിട്ടുണ്ട്. സംശയാസ്പദമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ 2.7 കോടി ഉപയോക്തൃ ഐഡികൾ താൽക്കാലികമായി മരവിപ്പിക്കുകയോ മരവിപ്പിക്കാനായി തിരിച്ചറിയുകയോ ചെയ്തിട്ടുണ്ട്. എല്ലാ യാത്രക്കാർക്കും യഥാർത്ഥ ഐഡി വഴി എളുപ്പത്തിൽ ടിക്കറ്റ് ബുക്ക് ചെയ്യാൻ കഴിയുന്ന തരത്തിലേക്ക് ടിക്കറ്റ് സംവിധാനം പരിഷ്കരിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ കേന്ദ്രമന്ത്രിയും സഹമന്ത്രിയും ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

ICL
Join ICL, Grow with us
ICL Fincorp
ഗോൾഡ് ലോൺ @ 75* പൈസ
പ്രതിമാസ പലിശ നിരക്ക് 100 രൂപയ്ക്ക്
കുറഞ്ഞ പലിശ നിരക്ക്
ഉയർന്ന മൂല്യം | അതിവേഗം
TOLL-FREE : 1800 31 333 53
*As Per EMI Scheme Basis *T&C Apply

## 2001ലെ പാർലമെന്റ് ആക്രമണം: രക്തസാക്ഷികൾക്കു ശ്രദ്ധാഞ്ജലിയർപ്പിച്ച് പ്രധാനമന്ത്രി

**ന്യൂഡൽഹി:** 2001 ഡിസംബർ 13ന് ഇന്ത്യയുടെ പാർലമെന്റിനു നേർക്കുണ്ടായ ഹീനമായ ഭീകരാക്രമണത്തിൽ രാജ്യത്തെ സംരക്ഷിക്കുന്നതിനിടെ വീരമൃത്യുവരിച്ച ധീരരായ സുരക്ഷാ ഉദ്യോഗസ്ഥർക്കു പ്രധാനമന്ത്രി നരേന്ദ്ര മോദി ശ്രദ്ധാഞ്ജലിയർപ്പിച്ചു. കർത്തവ്യനിർവഹണത്തിനിടെ ജീവൻ ത്യജിച്ചവരെ രാഷ്ട്രം അങ്ങേയറ്റം ആദരവോടെ സ്മരിക്കുന്നു എന്നു പ്രധാനമന്ത്രി പറഞ്ഞു.ഗുരുതരമായ അപകടസാഹചര്യങ്ങൾ നേരിടുമ്പോഴുള്ള അവരുടെ ധൈര്യവും ജാഗ്രതയും അചഞ്ചലമായ ഉത്തരവാദിത്വബോധവും ശ്രദ്ധേയമായിരുന്നു. അവരുടെ പരമോന്നത ത്യാഗത്തിന് ഇന്ത്യ എക്കാലവും കടപ്പെട്ടിരിക്കും. ഗുരുതരമായ അപകടസാഹചര്യങ്ങൾ നേരിടുമ്പോഴുള്ള അവരുടെ ധൈര്യവും ജാഗ്രതയും അചഞ്ചലമായ ഉത്തരവാദിത്വബോധവും ഓരോ പൗരനും എക്കാലവും പ്രചോദനമായി തുടരുമെന്നും അദ്ദേഹം പറഞ്ഞു.



സൊസൈറ്റി ടുഡേ
SOCIETY TODAY

# യുവതലമുറ അച്ചടക്കം ജീവിത്തിന്റെ ഭാഗമാക്കി മാറ്റണം: ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ

**കൊച്ചി:** വളർന്നുവരുന്ന യുവതലമുറ അച്ചടക്കം ജീവിതത്തിന്റെ പ്രധാനഭാഗമായി മാറ്റണമെന്നും അച്ചടക്കമുള്ള യുവജനതയാണ് രാജ്യത്തിന്റെ വികസനത്തിന്റെ അടിസ്ഥാനമെന്നും കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ പറഞ്ഞു. എറണാകുളം, കടവന്ത്ര പി.എം ശ്രീ കേന്ദ്രീയ വിദ്യാലയത്തിന്റെ വജ്രജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭാവി തലമുറയെ വാർത്തെടുക്കുന്നതിൽ രാജ്യത്തെ കേന്ദ്രീയ വിദ്യാലയങ്ങൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. അതു കൊണ്ടു തന്നെ കേന്ദ്രീയ വിദ്യാലയങ്ങൾക്ക് വലി അംഗീകാരമാണുള്ളത്. വിദ്യാലയങ്ങളിൽ മികച്ച പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിൽ അധ്യാപകർക്കും വിദ്യാർഥികൾക്കും തുല്യ പങ്കാളിത്തമാണുള്ളത്. സാങ്കേതിക രംഗത്തുണ്ടായിക്കൊണ്ടിരിക്കുന്ന കുതിച്ചുചാട്ടം വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർധിപ്പിക്കാൻ സഹായകരമാകും.

പ്രധാനമന്ത്രി മുന്നോട്ടുവെച്ചിരിക്കുന്ന വികസിത ഭാരതമെന്ന സ്വപ്നം അദ്ദേഹത്തിന്റെ മാത്രമല്ല രാജ്യത്തിന്റെയാകെയുള്ള സ്വപ്നമാണ്. സാമ്പത്തികമായ ഉന്നമനം മാത്രമല്ല സമൂഹത്തിന്റെയും വ്യക്തികളുടെയും വികസനമാണ് അതിലൂടെ ലക്ഷ്യം വെയ്ക്കുന്നതെന്നും ഗവർണർ പറഞ്ഞു. എറണാകുളം അസിസ്റ്റന്റ് കളക്ടർ പാർവ്വതി ഗോപകുമാർ ഐ.എ.എസ് അധ്യക്ഷത വഹിച്ചു. വജ്രജൂബിലി സുവനിയർ ഗവർണർ ചടങ്ങിൽ പ്രകാശനം ചെയ്തു. പൂർവ്വ വിദ്യാർത്ഥികളായ ആർക്കിടെക്റ്റ് പ്രൊഫ. ബി. ആർ അജിത്, മേജർ ജനറൽ പി.എസ് രവീന്ദ്രനാഥ് , ഡോ. തോമസ് വിനു , പി. ബാബൂജി, സിന്ധു അഗസ്റ്റിൻ, ഡോ. സലിം യൂസഫ് (കാനഡ), റോയ് മാത്യുസ് (യു.എസ്.എ), ഡോ. ജോർജ് പോൾസൺ (യു.എസ്.എ), മുൻ അധ്യാപകരായ പി.എസ്.ബി നായർ, രാമകൃഷ്ണൻ, നമ്പൂതിരിപ്പാട്, അനിത, കുര്യാക്കോസ്, അഗസ്റ്റിൻ എന്നിവരെ ചടങ്ങിൽ ഗവർണർ ആദരിച്ചു.



എറണാകുളം, കടവന്ത്ര പി.എം ശ്രീ കേന്ദ്രീയ വിദ്യാലയത്തിന്റെ വജ്രജൂബിലി ആഘോഷം കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഉദ് ഘാടനം ചെയ്യുന്നു. ആർക്കിടെക്റ്റ് പ്രൊഫ. ബി. ആർ അജിത്, എറണാകുളം അസിസ്റ്റന്റ് കളക്ടർ പാർവ്വതി ഗോപകുമാർ ഐ.എ.എസ്, കെ.വി.എസ് എറണാകുളം റീജ്യൺ ഡെപ്യൂട്ടി കമ്മീഷണർ എൻ. സന്തോഷ് കുമാർ, പ്രിൻസിപ്പാൾ വി.എസ് സുനിൽകുമാർ തുടങ്ങിയവർ സമീപം

കെ.വി.എസ് എറണാകുളം റീജ്യൺ ഡെപ്യൂട്ടി കമ്മീഷണർ എൻ.സന്തോഷ് കുമാർ, പ്രിൻസിപ്പാൾ വി.എസ് സുനിൽകുമാർ തുടങ്ങിയവർ സംസാരിച്ചു. തുടർന്ന് ഗുരുവന്ദനവും നടന്നു.

# കടുത്ത ഇടത് ഭരണ വിരുദ്ധ തരംഗത്തിലും പതറാതെ ട്വന്റി20

ട്വന്റി20
ജനങ്ങളോടൊപ്പം

**കിഴക്കമ്പലം** കടുത്ത ഇടത് ഭരണവിരുദ്ധ തരംഗത്തിലും അടിപതറാതെ ട്വന്റി20 പാർട്ടി. കിഴക്കലം പഞ്ചായത്തിന്റെ ഭരണം മൂന്നാം വട്ടവും ട്വന്റി20 നിലനിറുത്തി. ഏത് വിധേയനെയും ട്വന്റി20യെ പരാജയപ്പെടുത്തുന്നതിന് കിഴക്കമ്പലത്ത് ഇടത് ,വലത് പാർട്ടികൾ രൂപീകരിച്ച 25 പാർട്ടികളുടെ അവിശുദ്ധ കൂട്ടുകെട്ടിനെജനം തള്ളിക്കളഞ്ഞു. ട്വന്റി20ക്കെതിരെ എല്ലാ വാർഡിലും അപരന്മാരുടെ നീണ്ട നിരയ്ക്ക് പുറമെ കുന്നത്തുനാട് എം.എൽ.എയുടെ നേതൃത്വത്തിൽ പണവും മദ്യവും സുലഭമായി ഒഴുക്കി. ജയിച്ചൽ ഒരുലക്ഷം രൂപ വരെ നൽകുമെന്നാണ് ഇടത്, വലത് പാർട്ടികളുടെ വാഗ്ദാനമെന്ന് പാർട്ടി പ്രസിഡന്റ് സാബു ജേക്കബ് മാധ്യമങ്ങളോട് പറഞ്ഞു.

കിഴമ്പലത്ത് 21ൽ 14 സീറ്റ് നേടിയാണ് മൂന്നാം വട്ടവും അധികാരത്തിൽ പാർട്ടിയെത്തുന്നത്. കഴിഞ്ഞ തവണത്തേതുപോലെ ഇക്കുറിയും ഐക്കരനാട് പഞ്ചായത്ത് തൂത്തുവാരി. കഴിഞ്ഞ തവണ 14 വാർഡ് ആയിരുന്നത് ഇക്കുറി 16 ആയി. 16ലും വിജയക്കൊടി പാറിച്ചു. വാഴക്കുളം ബ്ലോക്കിലെ പുക്കാട്ടപടി, കിഴക്കമ്പലം ഡിവിഷനുകളും ട്വന്റി20 നിലനിറുത്തി. ആദ്യമായി മത്സരിച്ച തൃക്കാക്കര മുനിസിപ്പാലിറ്റിയിൽ അക്കൗണ്ട് തുറക്കാൻ ട്വന്റി20ക്കായി. കൂടാതെ പൂത്തൃക്കയിൽ ഏഴ്, വടവുകോട് പുത്തൻകുരിശ് പഞ്ചായത്തിൽ ആറ് സീറ്റ്, തിരുവാണിയൂർ പഞ്ചായത്തിൽ 9 സീറ്റ്, തൊടുപുഴയിലെ മണക്കാട് പഞ്ചായത്തിൽ ഒരുസീറ്റ്, വെങ്ങോല പഞ്ചായത്തിലെ 6 വാർഡും ഒരു ബ്ലോക്ക് ഡിവിഷനും പാർട്ടി കരസ്ഥമാക്കി. ഭരണത്തിലുണ്ടായിരുന്ന മഴുവന്നൂർ, കുന്നത്തുനാട് എന്നീ പഞ്ചായത്തുകളിൽ പാർട്ടിക്ക് കേവല ഭൂരിപക്ഷം നഷ്ടമായി. എങ്ങനെയും ഭരണത്തിലേറുക എന്നതല്ല പാർട്ടിയുടെ ലക്ഷ്യം. പരാജയവും പാർട്ടി സന്തോഷത്തോടെ സ്വീകരിക്കുന്നു.

കേരളത്തിലെ മുഴുവൻ പാർട്ടികൾക്കും മുന്നണികൾക്കുമെതിരെ ഒറ്റയ്ക്കാണ് ട്വന്റി20 പാർട്ടി മത്സരിച്ചത്. മത്സരിച്ച എല്ലാ സീറ്റിലും മികച്ച വോട്ട് വിഹിതം പാർട്ടിക്ക് നേടാനായി. കൊച്ചി കോർപ്പറേഷനിലും പാർട്ടിക്ക് ലഭിച്ചത് മികച്ച വോട്ട് വിഹിതമാണ്. ട്വന്റി20 പാർട്ടി മുന്നോട്ട് വച്ച അഴിമതി രഹിത വികസന മുന്നേറ്റം ഇനിയും തുടരും. ജനവിധിയെ മാനിക്കുന്നുവെന്നും, മുഴുവൻ ഫലപ്രഖ്യാപനവും വന്നതിനുശേഷം ഭാവി പരിപാടികൾ പാർട്ടിയുടെ സംസ്ഥാന കമ്മിറ്റി തീരുമാനിക്കുമെന്നും പാർട്ടി പ്രസിഡന്റ് സാബു ജേക്കബ് പറഞ്ഞു. ഐക്കരനാട്-16 (16), കുന്നത്ത്നാട് -8 (21), കിഴക്കമ്പലം-14 (21), മഴുവന്നൂർ -6 (21), പൂത്തൃക്ക-7 (16), തിരുവാണിയൂർ-9 (18), പുത്തൻകുരിശ്-വടവുകോട്-2(17), വെങ്ങോല-6 (23), മണക്കാട്-2 (14), തൃക്കാക്കര നഗരസഭ-1 (48), വടവുകോട് ബ്ലോക്ക്-4 (14), വാഴക്കുളം ബ്ലോക്ക്-3 (17) എന്നിങ്ങനെയാണ് ട്വന്റി20 വിജയം നേടിയത്.

# 'ലോകങ്ങൾക്കുള്ളിലെ ലോകങ്ങൾ' ചിത്ര പ്രദർശനം ആരംഭിച്ചു



**കൊച്ചി :** കൊച്ചി മുസിരിസ് ബിനാലെയുടെ ഭാഗമായി ദർബാർഹാളിൽ വിഖ്യാത ചിത്രകാരനും എഴുത്തുകാരനുമായ ഗുലാം മുഹമ്മദ് ഷെയ്ഖിന്റെ കലാസൃഷ്ടികളുടെ പ്രദർശനം ആരംഭിച്ചു. പ്രദർശനത്തിന്റെ ഉദ്ഘാടനം സിപിഎം ജനറൽ സെക്രട്ടറി എം. എ ബേബി നിർവ്വഹിച്ചു. കിരൺ നാടാർ മ്യൂസിയം ഓഫ് ആർട്ട് ഫൗണ്ടറും ചെയർപേഴ്സനുമായ കിരൺ നാടാർ, കൊച്ചി മുസിരിസ് ബിനാലെ ഫൗണ്ടേഷൻ പ്രസിഡന്റ് ബോസ് കൃഷ്ണമാചാരി, കേരള ലളിതകലാ അക്കാദമി ചെയർപേഴ്സൺ മുരളി ചീരോത്ത് തുടങ്ങിയവർ പങ്കെടുത്തു.

കിരൺ നാടാർ മ്യൂസിയം ഓഫ് ആർട്ട് ആണ് 'ലോകങ്ങൾക്കുള്ളിലെ ലോകങ്ങൾ' എന്ന പ്രദർശനം സംഘടിപ്പിക്കുന്നത്. ഗുലാം മുഹമ്മദ് ഷെയ്ഖിന്റെ കലാസൃഷ്ടികളുടെ പ്രദർശനം വിപുലമായ തോതിൽ കേരളത്തിൽ പ്രദർശിപ്പിക്കുന്നത് ഇതാദ്യമാണ്. കിരൺ നാടാർ മ്യൂസിയം ഓഫ് ആർട്ടിന്റെ ചീഫ് ക്യൂറേറ്ററും ഡയറക്ടറുമായ റൂബീന കരോഡെ ക്യൂറേറ്റ് ചെയ്ത പ്രദർശനത്തിൽ ആറ് പതിറ്റാണ്ടിനുള്ളിൽ ഗുലാം മുഹമ്മദ് ഷെയ്ഖ് ചെയ്ത നൂറിലധികം സൃഷ്ടികളാണ് ഇവിടെ പ്രദർശിപ്പിച്ചിട്ടുള്ളത്. ഗുലാം മുഹമ്മദ് ഷെയ്ഖിന്റെ കലാവിഷ്കാരത്തിന്റെ കാവ്യാത്മകത നമ്മളെ ആദ്യം വലിച്ചടുപ്പിക്കുന്നത് വ്യക്തമായ ഒരു തിരിച്ചറിയലിന്റെ നിമിഷത്തിലേക്കാണ് എന്ന് ഈ പ്രദർശനത്തിന്റെ ക്യൂറേറ്ററും, കിരൺ നാടാർ മ്യൂസിയത്തിന്റെ ഡയറക്ടറും ചീഫ് ക്യൂറേറ്ററുമായ റുബീന കരോഡെ പറഞ്ഞു. നഗരം, യാത്രകൾ, മാപ്പിംഗ് എന്നിങ്ങനെ മൂന്ന് മേഖലകളിലൂടെയുള്ള ഒരു യാത്രയാണ് പ്രധാനമായും ഈ പ്രദർശനം അവതരിപ്പിക്കുന്നത്.

ഷെയ്ഖിന്റെ സാമൂഹികരാഷ്ട്രീയ അവബോധത്തെ സംഗ്രഹിക്കുകയും തീവ്രമാക്കുകയും ചെയ്യുന്നതാണ് ഈ ആശയപരമായ ഘടന. സിറ്റി ഫോർ സെയിൽ, 'ദി സിറ്റി ഗാന്ധി ലെഫ്റ്റ് ബിഹൈൻഡ്', അഹമ്മദാബാദ് എന്നിവയുൾപ്പെടെ കരുത്തുറ്റ രാഷ്ട്രീയം പറയുന്ന സൃഷ്ടികൾ ഇതിന്റെ ഭാഗമാണ്. ഈ കലാസൃഷ്ടികൾക്കൊപ്പം ഷെയ്ക്കിന്റെ കവിതകൾ, പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട രചനകൾ, കത്തുകൾ, ഭൂപൻ ഖഖറുമായി സഹകരിച്ച് അദ്ദേഹം ചെയ്ത മാസികകൾ പോലുള്ള ആദ്യകാല പ്രസിദ്ധീകരണങ്ങൾ, ഫോട്ടോഗ്രാഫുകൾ എന്നിവയുൾപ്പെടെയുള്ള ആർക്കൈവൽ വസ്തുക്കളും പ്രദർശനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഇന്ത്യൻ കൾച്ചറൽ കോൺഗ്രസ് ഡിസംബർ 20 മുതൽ എറണാകുളത്ത്




**കൊച്ചി:** രാജ്യത്തെ ആദ്യ കൾച്ചറൽ കോൺഗ്രസിന് കേരളം വേദിയാകുന്നു. സംസ്കാരം, സംവാദം, സാഹോദര്യം, സമത്വം, സമാധാനം' എന്നീ സന്ദേശങ്ങൾ മുൻനിർത്തി ഡിസംബർ 20 മുതൽ 22 വരെ എറണാകുളത്ത് എട്ടു വേദികളിലായാണ് 'ഇന്ത്യൻ കൾച്ചറൽ കോൺഗ്രസ്' സംഘടിപ്പിക്കുന്നത്. രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളേയും പ്രതിനിധീകരിച്ച് എഴുത്തുകാർ, ചരിത്രകാരന്മാർ, സിനിമാ, കലാപ്രവർത്തകർ എന്നിവർ പങ്കെടുക്കും. കലാവിഷ്കാരങ്ങൾ, സംവാദങ്ങൾ, സെമിനാർ, അഭിമുഖങ്ങൾ, നാടക, സിനിമാ പ്രദർശനങ്ങൾ, ഗോത്ര,നാടൻ ക്ലാസിക്കൽ, കലാവതരണങ്ങൾ തുടങ്ങിയവ നടക്കും.

ഇന്ത്യൻ സംസ്കാരത്തിന്റെ വൈവിധ്യവും ബഹുസ്വരതയും ഉയർത്തിക്കാട്ടുക എന്ന ലക്ഷ്യത്തോടെ, സംസ്ഥാന സാംസ്കാരിക വകുപ്പിന്റെ പിന്തുണയോടെ വിവിധ സ്ഥാപനങ്ങളും സംഘടനകളും ചേർന്നാണ് ഈ കൂട്ടായ്മക്ക് രൂപം നൽകിയിരിക്കുന്നത്. ഡിസംബർ 20ന് രാവിലെ എറണാകുളം രാജേന്ദ്ര മൈതാനത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യും. പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, മന്ത്രിമാരായ സജി ചെറിയാൻ, പി. രാജീവ്, ചലച്ചിത്ര സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ, ഹിന്ദി കവി അശോക് വാജ്പയ്, തെലുങ്കു സാഹിത്യകാരനും, ചലച്ചിത്രഗാന രചയിതാവുമായ സുദ്ധല അശോക് തേജ തുടങ്ങിയവർ ഉദ്ഘാടന ചടങ്ങിൽ സംബന്ധിക്കും. ടി. പത്മനാഭൻ, സൈദ്മെർസ, ഷീല, മേദിനി, അശോക് വാജ്പേയ്, മേതിൽ രാധാകൃഷ്ണൻ, കലാമണ്ഡലം ഗോപിയാശാൻ, സി.ജെ കുട്ടപ്പൻ, ഗുലാം മുഹമ്മദ്ഷേക്ക്, സി. എൽ ജോസ്, ഉമയാൾപുരം ശിവരാമൻ എന്നിവരെ ആദരിക്കും.

ഇന്ത്യയിലെ വിവിവ സംസ്ഥാനങ്ങളിൽ നിന്നും വിദേശ രാജ്യങ്ങളിൽ നിന്നുമുള്ള പ്രമുഖ കലാസാംസ്കാരിക പ്രതിഭകൾക്ക് മൂന്ന് ദിവസങ്ങളിലായി നടക്കുന്ന ഈ സാംസ്കാരികോത്സവത്തിൽ പങ്കെടുക്കുന്നതിനായി കേരളം വേദി ഒരുക്കും. മതം, വർണ്ണം, വംശം തുടങ്ങിയ സങ്കുചിത താൽപര്യങ്ങൾക്ക് അതീതമായി, സാഹിത്യം, നാടകം, സംഗീതം, ചലച്ചിത്രം, നൃത്തം, ശിൽപ ചിത്രകലകൾ, ജനകീയ കലകൾ എന്നീ മേഖലകളിലെ പ്രമുഖർ ഈ സാംസ്കാരിക കൂട്ടായ്മയിൽ ഒത്തുചേരും. എട്ട് വേദികളിലായി മൂന്ന് ദിനരാത്രങ്ങളിലാണ് പരിപാടികൾ അരങ്ങേറുക.

കോൺഗ്രസ്സിന്റെ ഭാഗമായി സംവാദങ്ങൾ, കലാവിഷ്കാരങ്ങൾ, ശിൽപ്പകലാ പ്രദർശനങ്ങൾ, ലോക ക്ലാസ്സിക്ക് കൃതികളുടെ വായനയും സംവാദവും, തെരുവു അവതരണങ്ങൾ, ശിൽപശാലകൾ, പ്രഭാഷണങ്ങൾ, ചലച്ചിത്രമേള, ഗോത്രനാടൻക്ലാസിക്കൽ കലാവതരണങ്ങൾ, സാഹിത്യകാരൻമാരുടെ മക്കൾ അവരുടെ കൃതികൾ വായിക്കുക, തെരുവ് അവതരണങ്ങൾ, പലസ്തീൻ കലാകാരന്മാരുടെ ചിത്രപ്രദർശനം, വിവിധ നാടൻ അനുഷ്ഠാന ഗോത്ര കലാരൂപങ്ങൾ, തുടങ്ങി നിരവധി ആഘോഷ പരിപാടികളാണ് സംഘടിപ്പിക്കുന്നത് ട്രാൻസ്ജെൻഡർ കലാവതരണങ്ങൾ, ഭാഷാ ന്യൂനപക്ഷങ്ങളുടെ കൂട്ടയ്മ, ഭിന്നശേഷി അവതരണങ്ങൾ തുടങ്ങിയവയ്ക്ക് കൾച്ചറൽ കോൺഗ്രസ് പ്രത്യേക പ്രാധാന്യം നൽകും. ദർബാർ ഹാൾ ഗ്രൗണ്ട്, രാജേന്ദ്ര മൈതാനം, ലളിതകല അക്കാദമി , ടി. കെ. രാമകൃഷ്ണൻ സാംസ്കാരിക കേന്ദ്രം, സുഭാഷ് പാർക്ക് , ഫൈൻ ആർട്സ് ഹാൾ എന്നിവിടങ്ങളിൽ പരിപാടികൾ അരങ്ങേറും.

സാഹിത്യം കലാരംഗത്തുനിന്ന് ജാവേദ് അക്തർ, അശോക് വാജ്പേയ്, സചിദാനന്ദൻ, എം. മുകുന്ദൻ, ടി. പത്മനാഭൻ, രാജാത്തി സൽമ, ജി. എൻ. ദേവി, ഡോ. എം. എൻ. കാരശ്ശേരി. സിനിമ അക്കാദമിക് മേഖലയെ പ്രതിനിധീകരിച്ച് സഹീദ് മിർസ, രത്ന പഥക് ഷാ, സുധാംശു പാണ്ഡെ, സുധൻവ ദേശ് പാണ്ഡെ, നൃത്തം സംഗീത രംഗത്തെ പ്രമുഖരായ ഉമയാൾപുരം ശിവരാമൻ, കലാമണ്ഡലം ഗോപി, ശാന്താ ധനഞ്ജയൻ. രാഷ്ട്രീയം/ മാധ്യമ രംഗത്തെ പ്രതിനിധാനം ചെയ്ത് കനിമൊഴി എം. പി, സിദ്ധാർത്ഥ വരദരാജൻ, വെങ്കിടേശൻ തുടങ്ങിയവർ പങ്കെടുക്കും.

സമാപന സമ്മേളനത്തിന്റെ സാംസ്കാരിക കൂട്ടായ്മയുടെ ഉദ്ഘാടനം പത്മശ്രീ മമ്മൂട്ടി നിർവഹിക്കും. ചടങ്ങിൽ ഇന്ത്യൻ കൾച്ചറൽ കോൺഗ്രസിന്റെ ആദരം അദ്ദേഹം ഏറ്റുവാങ്ങും.സെമിനാറുകളിലും ചർച്ചകളിലും പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്കായി രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്യേണ്ട ഗൂഗിൾ ഫോം, സാംസ്കാരിക വകുപ്പ് അദ്ധ്യക്ഷ കാര്യാലയത്തിന്റെ ഔദ്യോഗിക വെബ്സൈറ്റായ culturedirectorate.kerala.gov.in ൽ ലഭ്യമാണ്.

# പൊന്നുപോലെ...... ; ഷെഫീന യൂസഫലിയുടെ എക്സിബിഷന് ബിനാലെയിൽ തുടക്കമായി



**കൊച്ചി:** സ്വർണത്തിന്റെ ഉൽപ്പത്തിയും സ്വർണം ഈ കാലഘട്ടത്തിൽ ചെലുത്തുന്ന സ്വാധീനത്തേയും ആസ്പദമാക്കി എം.എ യൂസഫലിയുടെ മകളും അബുദാബി ആസ്ഥാനമായി പ്രവർത്തിക്കുന്ന റിസ്ക് ആർട്ട് ഫൗണ്ടേഷൻ സ്ഥാപകയുമായ ഷെഫീന യൂസഫലിയുടെ നേതൃത്വത്തിലുള്ള പൊന്നുപോലെ..... ആർട്ട് എക്സിബിഷന് തുടക്കമായി. കൊച്ചി മുസിരീസ് ബിനാലെയുടെ ഭാഗമായി ഫോർട്ട് കൊച്ചി കൽവത്തി റോഡിലെ കെ.എം ബിൽഡിങ്ങിൽ ആരംഭിച്ച എക്സിബിഷൻ യു.എ.ഇ എംബസി പ്രതിനിധി മജീദ് എം. നെഖൈലാവി ഉദ്ഘാടനം ചെയ്തു. ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫലി , വ്യവസായ മന്ത്രി പി. രാജീവ്, ഹൈബി ഈഡൻ എം.പി കൊച്ചി ബിനാലെ ഫൗണ്ടേഷൻ ചെയർമാൻ വി. വേണു. ബിനാലെ പ്രസിഡന്റ് ബോസ്കൃഷ്ണാചാരി, ലുലു ഫിനാൻഷ്യൽസ് ഹോൾഡിങ്ങിസ് മാനേജിങ്ങ് ഡയറക്ടർ അദീബ് അഹമ്മദ്, ഷെഫീന യൂസഫലി തുടങ്ങിയവർ സന്നിഹിതരായിരുന്നു.

അറബ് രാജ്യങ്ങളും ഇന്ത്യയും തമ്മിലുള്ള വാണിജ്യ വ്യാവസായിക ബന്ധങ്ങളെ അടയാളപ്പെടുത്തുന്നതാണ് പൊന്നുപോലെ.... എക്സിബിഷനെന്ന് എം.എ യൂസഫലി പ്രതികരിച്ചു. ഒരുപാട് കാലാകരന്മാരുടെ പങ്കാളിത്തം കൊണ്ട് പൊന്നു പോലെ എക്സിബിഷൻ ശ്രദ്ധേയമാണ്. നിരവധി കാലാകാരന്മാരുടെ പ്രദർശനങ്ങൾ മേളയിൽ വരും ദിവസങ്ങളിലും അരങ്ങേറും ഇന്ത്യയും അറബ് രാഷ്ട്രങ്ങളും തമ്മിലുള്ള ബന്ധം ചരിത്രാതീത കാലം മുതലുള്ളതാണെന്നും അദ്ദേഹം പറഞ്ഞു. എന്റെ ബിസിനസ് വളർന്നതും അതിന്റെ ആസ്ഥാനവുമെല്ലാം യു.എ.ഇയിലാണ്. ഇരുരാഷ്ട്രങ്ങളും തമ്മിലുള്ള കഥ പറയുന്ന എക്സിബഷന് പ്രാധാന്യമേറെയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. എന്റെ മകൾക്ക് കലയോടാണ് ഇഷ്ടമെന്നും എനിക്ക് എന്റെ മകളെയാണ് ഇഷ്ടമെന്നും യൂസഫലി മാധ്യമപ്രവർത്തകരോട് പറഞ്ഞു.

ഇന്ത്യയിൽ നിന്നും വിദേശ രാജ്യങ്ങളിൽ നിന്നുമായി ഇരുപതിലധികം കലാകാരന്മാരെ അണിനിരത്തുന്ന ഗോൾഡ് തീമിലൊരുങ്ങുന്നതാണ് ഈ എക്സിബിഷൻ. പ്രശസ്ത കലകാരനും ക്യൂറേറ്ററുമായ മുർത്തസാ വലിയാണ് എക്സിബിഷൻ അണിയിച്ചൊരുക്കിയിരിക്കുന്നത്. ഇന്ത്യ, യുഎഇ, അമേരിക്ക, ജർമനി എന്നിവിടങ്ങളിൽ നിന്നുള്ള ഇരുപതിലധികം കലാകാരന്മാരാണ് ഇതിൽ പങ്കാളികളായിരിക്കുന്നത്. മാർച്ച് 31 വരെ ബിനാലെയിൽ പൊന്നു പോലെ പ്രദർശനം തുടരും.

# കെ.സി.ബി.സി സമ്മേളനം സമാപിച്ചു

**കൊച്ചി:** രണ്ടു ദിവസമായി പാലാരിവട്ടം പിഒസിയിൽ സമ്മേളിച്ചിരുന്ന കെ.സി.ബി.സി യോഗം പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പോടും, പ്രത്യാശയുടെ ജൂബിലിയാഘോഷങ്ങളോടും കൂടി സമാപിച്ചു. വിവിധ കമ്മീഷനുകൾക്കും, ഡിപ്പാർട്ടുമെന്റുകൾക്കും പുതിയ ചെയർമാൻമാരെയും തിരഞ്ഞെടുത്തു. യുവജനശുശ്രൂഷ, വിദ്യാഭ്യാസശുശ്രൂഷ, തൊഴിലാളി ക്ഷേമപ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ഗൗരവമായ ചർച്ചകളും നൂതന തീരുമാനങ്ങളുമുണ്ടായി. വിദ്യാഭ്യാസ മേഖലയിൽ ന്യൂനപക്ഷാവകാശങ്ങൾ തുടരെ ലംഘിക്കപ്പെടുന്നതിനെതിരെ നിയമപോരാട്ടങ്ങൾ തുടരുവാൻ സമ്മേളനം തീരുമാനിച്ചു. വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിനും, ഉറപ്പാക്കുന്നതിനുമുള്ള നടപടികളോട് സഹകരിക്കുന്നതിനും തീരുമാനിച്ചു.രാജ്യത്ത് ദളിത് ക്രൈസ്തവരോട് തുടരുന്ന വിവേചനത്തിലും അനീതിയിലും കടുത്ത ആശങ്ക പ്രകടിപ്പിച്ചു. എന്നാൽ ബൈബിൾ കൊണ്ടുനടക്കുന്നതും പ്രഘോഷിക്കുന്നതും കുറ്റകരമല്ലയെന്ന് അടുത്തയിടെ കോടതി നടത്തിയ നിരീക്ഷണം സ്വാഗതാർഹമാണെന്നും വിലയിരുത്തി. തീരദേശത്തെയും, മലയോരത്തേയും ഉൾപ്പടെ വിവിധ വിഭാഗങ്ങളുടെ ജനകീയ പ്രശ്നങ്ങളിൽ സജീവമായിപിൻതുണയ്ക്കുവാനും തീരുമാനിച്ചു. സർവോപരി, സഭയുടെ അടിസ്ഥാനദൗത്യം കൂടുതൽ ഐക്യത്തോടും, തീക്ഷണതയോടും, പ്രതിജ്ഞാബദ്ധതയോടും കൂടെ നിറവേറ്റുവാനുള്ള നിശ്ചയത്തോടുകൂടിയാണ് കെ.സി.ബി.സിയുടെ ഡിസംബർ സമ്മേളനം സമാപിച്ചത്.

# ദി ലൈറ്റ്നസ് ഓഫ് ബീയിംഗ് ആരംഭിച്ചു



**കൊച്ചി:** പ്രശസ്ത കലാകാരി ശോഭ ബ്രൂട്ടയുടെ കൃതികൾ പ്രദർശിപ്പിക്കുന്ന കൊച്ചിമുസിരിസ് ബിനാലെയുടെ കൊളാറ്ററൽ പ്രോജക്റ്റായ ആർഡി ഫൗണ്ടേഷൻ ദി ലൈറ്റ്നസ് ഓഫ് ബീയിംഗ് ആരംഭിച്ചു. ഫോർട്ട് കൊച്ചിയിലെ മോക്ക ആർട്ട് കഫേയിൽ ആരംഭിച്ച പ്രദർശനം പ്രശസ്ത ക്യൂറേറ്ററും സാംസ്കാരിക ആർക്കൈവിസ്റ്റുമായ ഇന പുരി ക്യൂറേറ്റ് ചെയ്യുന്നു. ഈ പ്രദർശനം സന്ദർശകർക്ക് നിശ്ചലതയുടെയും അടുപ്പത്തിന്റെയും അവരുടെ ആന്തരിക ഭൂപ്രകൃതികളുമായുള്ള ബന്ധത്തിന്റെയും നിമിഷങ്ങൾ പ്രദാനം ചെയ്യുമെന്ന് ആർഡി ഫൗണ്ടേഷന് നേതൃത്വം വഹിക്കുന്ന ഷെഫാലി വർമ്മ പറഞ്ഞു.

ഇന്ത്യൻ കലാകാരന്മാരുമായുള്ള പതിറ്റാണ്ടുകളുടെ ഇടപെടലിലൂടെ രൂപപ്പെടുത്തിയ ഇനാ പുരിയുടെ ക്യൂറേറ്റോറിയൽ ദർശനത്തിലൂടെ, ബ്രൂട്ടയുടെ കൃതികൾ മോക്ക് ആർട്ട് കഫേയുടെ വാസ്തുവിദ്യയെ അവരുടെ ധ്യാനശക്തി വർദ്ധിപ്പിക്കുന്ന വിധത്തിൽ അഭിമുഖീകരിക്കുന്നു. ഭൗതികത, വെളിച്ചം, നിശ്ശബ്ദത എന്നിവ ധ്യാനാത്മകമായ ഒരു അനുഭവമായി സംയോജിക്കുന്ന ഒരു ആഴത്തിലുള്ള അന്തരീക്ഷം ഈ പ്രദർശനം സൃഷ്ടിക്കുന്നു. കൊച്ചിയിൽ പുതിയ പ്രേക്ഷകരെ കണ്ടുമുട്ടാൻ എന്റെ കലയ്ക്ക് അവസരം സൃഷ്ടിച്ചതിന് ആർഡി ഫൗണ്ടേഷനോടും ഇന പുരിയോടും കടപ്പെട്ടിരിക്കുന്നുവെന്ന് ശോഭ ബ്രൂട്ട പറഞ്ഞു. പ്രദർശനം 2026 മാർച്ച് 31ന് അവസാനിയ്ക്കും.

# സെറ്റിൽമെന്റ് നിരക്കിൽ നേട്ടവുമായി ഐസിഐസിഐ പ്രു

**തൃശൂർ:** ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് നടപ്പു സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ 99.33 ശതമാനമെന്ന മുൻനിര ലൈഫ് ഇൻഷുറൻസ് കമ്പനികൾക്കിടയിലെ ഏറ്റവും ഉയർന്ന സെറ്റിൽമെന്റ് നിരക്ക് കൈവരിച്ചതായി ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ചീഫ് ഓപ്പറേഷൻസ് ഓഫിസർ അമിഷ് ബാങ്കർ പറഞ്ഞു.

അന്വേഷണം ആവശ്യമില്ലാത്ത ക്ലെയിമുകളിൽ ശരാശരി 1.1 ദിവസങ്ങളിലാണ് തീർപ്പുണ്ടാക്കിയത്. ഈ കാലയളവിൽ കമ്പനി 893.38 കോടി രൂപയുടെ മരണാനന്തര ആനുകൂല്യങ്ങളും തീർപ്പാക്കി. ഓരോ ക്ലെയിമുകളും അതീവ പ്രാധാന്യത്തോടെ കൈകാര്യം ചെയ്യുന്ന തങ്ങൾ ഉയർന്ന നിലയിലുള്ള ഉപഭോക്തൃ അനുഭവങ്ങൾ പ്രദാനം ചെയ്യാനാണ് ശ്രമിക്കുന്നത്.ഉപഭോക്താവ് ആദ്യം എന്ന തത്വവുമായുള്ള തങ്ങളുടെ സമീപനം അതിവേഗത്തിൽ ക്ലെയിമുകൾ തീർപ്പാക്കാൻ സഹായിക്കുന്നതായും അദ്ദേഹം ചൂിക്കാട്ടി.

# വർമ്മ സബർബൻ ഉദ്ഘാടനം ചെയ്തു



**കൊച്ചി:** വർമ്മ ഹോംസിന്റെ തിരുവനന്തപുരം കഴക്കൂട്ടത്തുള്ള ലക്ഷ്വറി അപ്പാർട്ട്മെന്റ് പ്രൊജക്ട്, വർമ്മ സബർബന്റെ ഉദ്ഘാടനം പൂയം തിരുനാൾ ഗൗരി പാർവ്വതിഭായി നിർവഹിച്ചു. വർമ്മ ഹോംസ് മാനേജിംഗ് ഡയറക്ടർ കെ. അനിൽ വർമ്മ, ഡയറക്ടർ ഡോ. മിനി വർമ്മ, വൈസ് പ്രസിഡന്റ് ആരതി വർമ്മ, കസ്റ്റമർ കെയർ സീനിയർ മാനേജർ അഞ്ജലി ഹരീഷ്, മാർക്കറ്റിംഗ് മാനേജർ ജോസ്റ്റിൻ സെബാസ്റ്റ്യൻ, കസ്റ്റമർ കെയർ ജനറൽ മാനേജർ ടി. എസ്. സുരേഷ്, കസ്റ്റമർ കെയർ മാനേജർ ജെ. ലക്ഷ്മി, ഫിനാൻസ് ആന്റ് എച്ച് ആർ സീനിയർ മാനേജർ കെ. എസ് ജിതേഷ് , ഇന്റീരിയർ സീനിയർ മാനേജർ കെ. അമൃത് , സ്ഥല ഉടമ ബെന്നി മാളിയേക്കൽ, ക്രെഡായി കേരള ചെയർമാൻ റോയി പീറ്റർ, ഡോ. ലെനിൻ തുടങ്ങിയവർ പങ്കെടുത്തു.

# മാൽദീവിയൻ എയർലൈൻസ് മാലിദ്വീപ്– തിരുവനന്തപുരം– കൊച്ചി സർവീസ് ആരംഭിക്കുന്നു




**കൊച്ചി:** മാലിദ്വീപിന്റെ ദേശീയ വിമാനക്കമ്പനിയായ മാൽദീവിയൻ മാലിയിൽ നിന്ന് കേരളത്തിലേക്കുള്ള അഞ്ചാമത്തെ സർവീസ് ആരംഭിക്കുന്നു. ഡിസംബർ 19 മുതൽ തിരുവനന്തപുരത്തേക്കും കൊച്ചിയിലേക്കുമാണ് പുതിയ സർവീസ് ആരംഭിക്കുകയെന്ന് മാൽദീവിയൻ എയലൈൻസ് അധികൃതർ അറിയിച്ചു. ഇതോടെ മാലിദ്വീപിനും ദക്ഷിണേന്ത്യയ്ക്കുമിടയിലുള്ള പ്രതിവാര സർവീസുകളുടെ എണ്ണം അഞ്ചായി ഉയർന്നു. കാര്യക്ഷമതയും സുഖകരമായ യാത്രയക്കുമായി ആധുനിക രീതിയിൽ രൂപകൽപ്പന ചെയ്തിട്ടുള്ള എയർബസ് എ320 ആണ് കേരളത്തിലേക്ക് പറക്കുന്നത്.

14 പ്രീമിയം ഇക്കണോമി സീറ്റുകളും 138 എക്കണോമി സീറ്റുകളുമടക്കം വിശാലമായ ക്യാബിൻ സൗകര്യമുണ്ട്. ഒരു മണിക്കൂർ സമയം കൊണ്ട് യാത്രക്കാർക്ക് വേഗത്തിലും കണക്ഷൻ ഫ്ളൈറ്റില്ലാതെ നേരിട്ടും കേരളത്തിലേക്കെത്താം. തദ്ദേശവാസികൾക്ക് മാലിയിൽ നിന്ന് കൊച്ചിയിലേക്ക് 15,897 രൂപയും തിരുവനന്തപുരത്തേക്ക് 20,955 രൂപയുമാണ് നിരക്ക്.

എ320ലെ ഇക്കണോമി ക്ലാസ് യാത്രയിൽ 20 കിലോഗ്രാം ബാഗേജ് അലവൻസ്, കോംപ്ലിമെന്ററി ഹോട്ട് മീൽ, പാനീയങ്ങൾ തുടങ്ങിയ ആനുകൂല്യങ്ങളുണ്ട്. പ്രീമിയം ഇക്കണോമി ക്ലാസിൽ ചെക്ക്ഇൻ മുൻഗണന, 30 കിലോഗ്രാം ബാഗേജ് അലവൻസ്, സൗജന്യ തീയതി മാറ്റങ്ങൾ, പ്രത്യേക ഭക്ഷണവും പാനീയ്ങ്ങളും തുടങ്ങിയ സേവനങ്ങൾ ലഭിക്കും. യാത്രക്കാരുടെ സുഖസൗകര്യത്തിനായി ചാരിയിരിക്കാവുന്ന ഇരിപ്പിടങ്ങളും ധാരാളം ലെഗ് സ്പേസും വിമാനത്തിൽ തയ്യാറാക്കിയിട്ടുണ്ടെന്ന് മാൽദീവിയൻ എയലൈൻസ് അധികൃതർ അറിയിച്ചു. അറിയിച്ചു.

# എക്സ്പ്രഷൻസ് ഇന്ന് ആരംഭിക്കും

**കൊച്ചി:** എറണാകുളം പ്രസ്ക്ലബ്ബ് സംഘടിപ്പിക്കുന്ന, പ്രമുഖർ ജീവിതം പറയുന്ന പ്രഭാഷണ പരമ്പര ' എക്സ്പ്രഷൻസ്' ഇന്ന് ആരംഭിക്കും. വൈകീട്ട് 5.30 ന് അല്ലിയാമ്പൽ കടവിൽ നടക്കുന്ന ചടങ്ങിൽ മനോരമ ന്യൂസ് ന്യൂസ് ഡയറക്ടർ ജോണി ലൂക്കോസ് മുസ്ലീം ലീഗ് നേതാവ് കെ.എൻ.എ ഖാദറുമായി സംവദിക്കും.

# ഹഡിൽ ഗ്ലോബൽ 2025: കെഎസ്‌യുഎമ്മിന് ഭാവി പദ്ധതികളുമായി വിദഗ്ധർ



**തിരുവനന്തപുരം:** മുൻവർഷങ്ങളിലുടനീളം സർക്കാർ സ്വീകരിച്ച നയങ്ങൾ കേരളത്തിലെ സ്റ്റാർട്ടപ്പ് മേഖലയെ കരുത്തുറ്റതാക്കിയെന്നും എംഎസ്എംഇകളും യുണികോൺ സ്റ്റാർട്ടപ്പുകളും കൂടിച്ചേർന്ന് 'കേരള മോഡൽ' നടപ്പാക്കണമെന്നും ഹഡിൽ ഗ്ലോബൽ 2025 ൽ പങ്കെടുത്ത വിദഗ്ധർ. കേരള സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിക്കുന്ന ഹഡിൽ ഗ്ലോബൽ ഏഴാം പതിപ്പിൽ ' കേരളത്തിലെ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റത്തിന്റെ വളർച്ചയും മുന്നോട്ടുള്ള വഴിയും' എന്ന വിഷയത്തിൽ നടന്ന പാനൽ ചർച്ചയിലാണ് ഈ അഭിപ്രായമുയർന്നത്.

മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്ക് വ്യവസായ മേഖലയിൽ നിന്ന് കാര്യമായ പിന്തുണ ലഭിച്ചില്ലെങ്കിലും 10-15 വർഷങ്ങളായി സർക്കാർ നയങ്ങളാണ് ഈ ഇക്കോസിസ്റ്റത്തിന് ശക്തി പകർന്നതെന്നും വിദഗ്ധർ ചൂണ്ടിക്കാട്ടി. എംഎസ്എംഇകളും യുണികോൺ സ്റ്റാർട്ടപ്പുകളും ചേർന്നുള്ള 'കേരള മോഡൽ' അനിവാര്യമാണെന്ന് മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി എം. ശിവശങ്കർ പറഞ്ഞു. അടുത്ത രണ്ട് വർഷത്തിനുള്ളിൽ 100 കോടി രൂപയുടെ മൂല്യമെത്താൻ കഴിയുന്ന 100 സ്റ്റാർട്ടപ്പുകളെ കെ.എസ്.യു.എം കണ്ടെത്തണം. ഒരു ബാങ്കും സ്റ്റാർട്ടപ്പുകൾക്ക് നേരിട്ട് ഫണ്ടിംഗ് നൽകാറില്ല. സ്റ്റാർട്ടപ്പുകൾ ആദ്യം എംഎസ്എംഇ ആകണമെന്നാണ് ബാങ്കുകളുടെ നിലപാട്. ഇതിൽ മാറ്റം വരുത്താൻ സർക്കാരും സ്റ്റാർട്ടപ്പ് മിഷനും തയ്യാറാകണമെന്നും അദ്ദേഹം പറഞ്ഞു. അടുത്ത രണ്ട് വർഷക്കാലം കൊണ്ട് ഐപിഒയിൽ ഇടംപിടിക്കാൻ സാധിക്കുന്ന 10 സ്റ്റാർട്ടപ്പുകളെ കണ്ടെത്തണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സ്റ്റാർട്ടപ്പ് മോഡലാണോ, എംഎസ്എംഇ മോഡലാണോ സ്വീകരിക്കേണ്ടത് എന്ന കാര്യത്തിൽ വ്യക്തത വരുത്തണമെന്ന് ശാസ്ത്ര സർവകലാശാല മുൻ വൈസ് ചാൻസലറും കോഴിക്കോട് ഐഐഎം ഫാക്കൽറ്റിയുമായ ഡോ. സജി ഗോപിനാഥ് പറഞ്ഞു. ഗ്രാന്റുകൾക്കായി സർക്കാരിനെ ആശ്രയിക്കുന്നത് സ്റ്റാർട്ടപ്പുകൾക്ക് അഭികാമ്യമല്ലെന്ന് അനലിറ്റിക്സ് ലീഡർ തപൻ രായ്ഗുരു അഭിപ്രായപ്പെട്ടു. കെഎസ്‌യുഎം സ്വയംഭരണ സ്ഥാപനമായി മാറേണ്ടതുണ്ടെന്ന് സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് ഡയറക്ടർ ഡോ. ജയശങ്കർ പ്രസാദ് പറഞ്ഞു.

പത്ത് വർഷത്തിലേറെയായി ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. സ്റ്റാർട്ടപ്പുകൾ വിദേശ മേളകളിൽ പങ്കെടുക്കുന്നത് അവരുടെ പ്രവർത്തനങ്ങൾ വിപുലമാക്കുന്നതിനും വിപണന ശൃംഖല ശക്തിപ്പെടുത്തുന്നതിനും സഹായകമാകുമെന്ന് കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി മുൻ ചെയർമാൻ പി. എച്ച് കുര്യൻ പറഞ്ഞു. കെഎസ്‌യുഎം സി.ഇ.ഒ അനൂപ് അംബിക മോഡറേറ്ററായിരുന്നു.

# അപകട മേഖലകളിൽ പ്രവർത്തിപ്പിക്കാനാകുന്ന റോബോട്ടുമായി ജെൻ റോബോട്ടിക്സ്



**തിരുവനന്തപുരം:** അപകടകരമായ സാഹചര്യങ്ങൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനുള്ള സെമി ഹ്യൂമനോയിഡ് റോബോട്ട് വികസിപ്പിച്ച് ജെൻ റോബോട്ടിക്സ്. മാൻഹോളുകൾ വൃത്തിയാക്കുന്നതിന് വിപ്ലവകരമായ ബാൻഡികൂട്ട് റോബോട്ട് വികസിപ്പിച്ചെടുത്ത സ്റ്റാർട്ടപ്പിൽ നിന്നുമാണ് ഏത് ഭൂവിഭാഗങ്ങളിലും വിനിയോഗിക്കാൻ കഴിയുന്ന ഈ ഹൈഡ്രോളിക് റോബോട്ടിന്റെ പിറവി. കേരള സ്റ്റാർട്ടപ്പ് മിഷന്റെ നേതൃത്വത്തിൽ കോവളത്ത് നടക്കുന്ന ഹഡിൽ ഗ്ലോബൽ 2025 എക്സ്പോയിലാണ് ഈ റോബോട്ട് പ്രദർശിപ്പിച്ചത്.

ഉപഭോക്താവിന്റെ ആവശ്യമനുസരിച്ച് ഖനന മേഖലകളിലും രക്ഷാദൗത്യത്തിനും അപകടകരമായ വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനും പുറമേ ന്യൂക്ലിയർ പവർ പ്ലാന്റുകളിലും നിർമ്മാണ മേഖലയിലും മേഖലയിലും കട്ടിംഗ്, വെൽഡിംഗ്, ഗ്രൈൻഡിംഗ് തുടങ്ങി എം.എസ്.എം.ഇ ആവശ്യങ്ങൾക്കും ഈ റോബോട്ടിന്റെ സേവനം പ്രയോജനപ്പെടുത്താം. ഫയർ ആൻഡ് സേഫ്റ്റി രംഗത്തെ രക്ഷാപ്രവർത്തനങ്ങൾക്കും ഇത് മുതൽക്കൂട്ടാണ്. മനുഷ്യർക്ക് കടന്നുചെല്ലാൻ സാധിക്കാത്ത അപകടകരമായ സ്ഥലത്ത് ഇറങ്ങിച്ചെന്ന് സഹായഹസ്തം ഒരുക്കാൻ സാധിക്കുമെന്നത് മറ്റൊരു സവിശേഷതയാണ്. വിർചൽ റിയാലിറ്റി ഉപയോഗിച്ച് ഉപഭോക്തൃ സൗഹൃദമായി നിയന്ത്രിക്കാൻ സാധിക്കുമെന്നതാണ് ഇതിന്റെ മറ്റൊരു പ്രത്യേകത.

പൂർണ്ണമായും ഓട്ടോണമസ് സംവിധാനത്തിൽ പ്രവർത്തിക്കുന്നതെങ്കിലും മാനുവൽ ആയും റിമോട്ട് ഉപയോഗിച്ചും ഇതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ കഴിയും. റബ്ബർ ക്രൗളിംഗ് ട്രാക്കുള്ളതിനാൽ തന്നെ തീർത്തും ദുർഘടമായ സാഹചര്യങ്ങളിൽ എത്തിപ്പെടാൻ സാധിക്കുമെന്നുള്ള നേട്ടവുമുണ്ട്. 200 കിലോഗ്രാം ഭാരം വഹിക്കാൻ ശേഷിയുള്ള ഈ റോബോട്ടിന് 8 മണിക്കൂർ ബാറ്ററി ബാക്കപ്പുമുണ്ട്. ഒരു വർഷത്തോളം റിസർച്ച് നടത്തിയ ശേഷമാണ് ജെൻ റോബോട്ടിക്സ് ഈ ഹൈഡ്രോളിക് റോബോട്ട് വികസിപ്പിച്ചത്.

# കൊച്ചി മുസിരിസ് ബിനാലെ; 'ഇടം' കലാപ്രദർശനത്തിന് തുടക്കമായി



**കൊച്ചി:** കേരളത്തിൽ നിന്നുള്ള പ്രാദേശിക കലാകരന്മാർക്കായി കൊച്ചി ബിനാലെ ഫൗഷേൻ (കെ.ബി.എഫ്) ഒരുക്കുന്ന 'ഇടം' പ്രദർശനത്തിന് തുടക്കമായി. ശനിയാഴ്ച ആരംഭിച്ച ഈ പ്രദർശനം ഡിസംബർ 12ന് തുടങ്ങുന്ന കൊച്ചി മുസിരിസ് ബിനാലെയ്ക്ക് (കെ.എം.ബി) സമാന്തരമായാണ് നടക്കുന്നത്. കാരന്മാരായ ഐശ്വര്യ സുരേഷും കെ.എം. മധുസൂദനനും ക്യൂറേറ്റ് ചെയ്യുന്ന 'ഇടം', മട്ടാഞ്ചേരിയിലെ ബസാർ റോഡിൽ ക്യൂബ് ആർട്ട് സ്പേസസ്, അർമാൻ കളക്ടീവ് ആൻഡ് കഫേ, ഗാർഡൻ കൺവെൻഷൻ സെന്റർ എന്നിവിടങ്ങളിലായാണ് നടക്കുന്നത്. 36 കലാകാരന്മാർ, കളക്റ്റീവുകൾ എന്നിവർ ഇതിൽ പങ്കെടുക്കും. അന്തർദേശീയ തലത്തിൽ പ്രശസ്തനായ ചലച്ചിത്രകാരനും വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച ആർട്ടിസ്റ്റുമാണ് കെ.എം. മധുസൂദനൻ.

കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന, ടെക്സ്റ്റൈൽ അധിഷ്ഠിത ആർട്ടിസ്റ്റും ക്യൂറേറ്ററും കലാധ്യാപികയുമാണ് ഐശ്വര്യ സുരേഷ്. കേരളത്തിലെ കലാകാരന്മാരുടെ ആശയങ്ങളെയും ചിന്തകളെയും സമകാലീന കലാലോകത്തിലെ പ്രമുഖർക്ക് മുന്നിൽ അവതരിപ്പിക്കുന്നതിനുള്ള വലിയ വേദിയാണ് ഇടമെന്ന് കൊച്ചിമുസിരിസ് ബിനാലെ പ്രസിഡന്റ് ബോസ് കൃഷ്ണമാചാരി പറഞ്ഞു. കേരളത്തിന്റെ പാരമ്പര്യം, പൈതൃകം, സംസ്കാരം തുടങ്ങിയവയിൽ ആഴ്ന്നിറങ്ങിയ കലാസൃഷ്ടികൾ ലോകമെമ്പാടുമുള്ള മറ്റ് സംസ്കാരങ്ങളുടെ സൃഷ്ടികളുമായി എത്രമാത്രം ചേർന്ന് നിൽക്കുന്നുവെന്ന് ഇതിലൂടെ അറിയാനാകുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. പ്രാദേശിക കലാപ്രവർത്തകർ നടത്തുന്ന ചെറുത്തുനിൽപ്പുകളെ ആദരിക്കുന്നതിനോടൊപ്പം അവരുടെ കലയ്ക്ക് നൽകുന്ന അംഗീകാരം കൂടിയാണ് ഇടമെന്ന് കെബിഫ് ഡയറക്ടർ ഓഫ് പ്രോഗ്രാംസ് മാരിയോ ഡിസൂസ പറഞ്ഞു. തലമുറകളെ ബന്ധിപ്പിക്കുന്ന ഒരു സംവാദമായിട്ടാണ് ഞങ്ങൾ ഈ പ്രദർശനത്തെ സമീപിക്കാൻ ആഗ്രഹിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

അഭിമന്യു ഗോവിന്ദൻ, അബിൻ ശ്രീധരൻ കെ.പി, അബുൽ കലാം ആസാദ്, അനു ജോൺ ഡേവിഡ്, അരുൺ ബി, അഷിത പി.എച്ച്, അസ്ന എം.എ തസ്നി എം.എ, ദേവിക സുന്ദർ, ദേവു നെന്മാറ, ഡിബിൻ തിലകൻ, ഗ്രീഷ്മ സി, ഡോ. ഇന്ദു ആന്റണി, ജോഷ് പി.എസ്, കീർത്തന കുന്നത്ത്, കീർത്തി ആർ, ലതീഷ് ലക്ഷ്മൺ, മധു കപ്പാരത്ത്, മധുരാജ്, മെഹ്ജ വി.എസ്, മുരളി ചീരോത്ത്, സുധീഷ് യെഴുവത്ത്, പി.എൻ. ഗോപീകൃഷ്ണൻ, ജയരാജ് സുന്ദരേശൻ, നിഖിൽ വെട്ടുകാട്ടിൽ, നിത്യ എ.എസ്, പ്രീതി വടക്കത്ത്, രാധ ഗോമതി, രാഹുൽ ബുസ്കി, രാജീവൻ അയ്യപ്പൻ, രാമു അരവിന്ദൻ, രഞ്ജിത്ത് രാമൻ, സെബാസ്റ്റ്യൻ വർഗ്ഗീസ്, ഷാദിയ സി.കെ, സിബി മെർലിൻ അഭിമന്യു, സോണിയ ജോസ്, ശ്രീജു രാധാകൃഷ്ണൻ, ടോം ജെ. വട്ടക്കുഴി, ഉമേഷ് പി.കെ, വിശാഖ് മേനോൻ എന്നിവരാണ് 'ഇടം' പ്രദർശനത്തിൽ പങ്കെടുക്കുന്ന കലാകാരന്മാർ.

# സുസ്ഥിരത ജീവിതത്തിന്റെ ഭാഗമാക്കണം




**കൊച്ചി:** പ്രകൃതിയെ തകർക്കാതെ കെട്ടിട നിർമാണം നടത്താനും ഭൂമി മാതാവിനെ വേദനിപ്പാക്കാത്ത തരത്തിൽ പരിസ്ഥിതിക്ക് അനുയോജ്യമായ രീതിയിൽ നിർമാണം പൂർത്തിയാക്കണമെന്നും പത്മശ്രീ ജേതാവും ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് സ്ഥാപകനുമായ ആർക്കിടെക്ട് ഡോ. ജി. ശങ്കർ പറഞ്ഞു. കേരള മാനേജ്മെന്റ് അസോസിയേഷന്റെ ഇൻസൈറ്റ് എക്സ് സീരിസിന്റെ പന്ത്രണ്ടാമത് എഡിഷനിൽ 'ഹരിത കെട്ടിടങ്ങൾക്കപ്പുറം; സുസ്ഥിരതയെന്നാൽ ജീവിത രീതി' എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ജീവിതത്തിൽ നിന്നും പഠിച്ച പാഠങ്ങളാണ് താൻ പ്രാവർത്തികമാക്കിയത്. ദരിദ്ര വിഭാഗത്തിന് വേണ്ടി പ്രവർത്തിക്കുമ്പോഴാണ് സുസ്ഥിരത കൂടുതൽ കൈവരിക്കാനാവുകയെന്നാണ് മനസ്സിലായത്. ഓരോരുത്തരും മാറ്റങ്ങളുണ്ടാക്കാനാണ് ശ്രമിക്കേണ്ടത്. ഒരു മരം നടുമ്പോൾ ഒരു തണൽ നടുന്നുവെന്ന കവിത പോലെയാണ് പ്രകൃതിയെ കാണേണ്ടത്. ഭൂമിക്ക് ശാന്തിയും സമാധാനവുമുണ്ടാകുമ്പോഴാണ് മനുഷ്യനും ജീവിതത്തിനും സമാധാനമുണ്ടാകുന്നത്. വൃത്തിയുള്ള അടുക്കളയും ശുചിമുറികളുമാണ് ആദ്യമുണ്ടാകേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

ദാരിദ്രത്തെ പോസിറ്റീവ് സാധ്യതയായാണ് കാണേണ്ടതെന്നും വലിയ രീതിയിൽ ചിന്തിക്കാനും മികച്ച മുന്നേറ്റമുണ്ടാക്കാനും ദാരിദ്ര്യം സഹായിക്കുമെന്നും ജി.ശങ്കർ പറഞ്ഞു. സുസ്ഥിര ജീവിതത്തിന്റെ ഭാഗമാക്കിയാൽ മാത്രമേ പിടിച്ചു നിൽക്കാൻ സാധിക്കുകയുള്ളുവെന്നും അദ്ദേഹം പറഞ്ഞു. കേരള മാനേജ്മെന്റ് അസോസിയേഷൻ വൈസ് പ്രസിഡന്റും പ്രോഗ്രാം ചെയറുമായ ദിലീപ് നാരായണൻ, ഹോണററി ജോയിന്റ് സെക്രട്ടറി ലേഖ ബാലചന്ദ്രൻ പ്രസംഗിച്ചു

# ചലച്ചിത്ര മേള: മാക്ട പവലിയൻ തുറന്നു



**കൊച്ചി:** രാജ്യാന്തര ചലച്ചിത്രമേളയോടനുബന്ധിച്ച് മാക്ടാ പവലിയൻ ആരംഭിച്ചു. ഫിലിം ഫെസ്റ്റിവൽ നടക്കുന്ന ടാഗോർ തിയേറ്റർ പരിസരത്ത് ആരംഭിച്ച മാക്ടയുടെ പവലിയൻ ചലച്ചിത്ര ആക്കാദമി വൈസ് ചെയർപേഴ്സൺ കുക്കു പരമേശ്വരൻ ഉദ്ഘാടനം ചെയ്തു. ഫിലിം ഡയറക്ടർ ടി. വി. ചന്ദ്രൻ, മാക്ട ചെയർമാൻ ജോഷി മാത്യു, മാക്ട ട്രഷറർ സജിൻലാൽ, മാക്ട വൈസ് ചെയർമാൻ രാജീവ് ആലുങ്കൽ, ഡയറക്ടർമാരായ മധുപാൽ, ജോസ് തോമസ്, വേണു ബി. നായർ, ജി.എസ്. വിജയൻ, ബാലു കിരിയത്ത്, തുളസിദാസ്, വിനു കിരിയത്ത്,ചലച്ചിത്ര പിന്നണി ഗായിക രഞ്ജിനി സുധീരൻ തുടങ്ങിയവർ പങ്കെടുത്തു.

# ആക്സിസ് ഫണ്ട് ഓഫ് ഫണ്ട്സ് എൻഎഫ്ഒ 22 വരെ




**തൃശൂർ:** ആക്സിസ് മ്യൂച്ചൽ ഫണ്ടിന്റെ സ്വർണ, സിൽവർ ഇടിഎഫ് യൂണിറ്റുകളിൽ നിക്ഷേപിക്കുന്ന ഓപ്പൺ എൻഡഡ് ഫണ്ട് ഓഫ് ഫണ്ട്സ് ആയ ആക്സിസ് ഗോൾഡ് ആൻഡ് സിൽവർ പാസീവ് ഫണ്ട് ഓഫ് ഫണ്ട്സിന്റെ പുതിയ ഫണ്ട് ഓഫർ ഡിസംബർ പത്തു മുതൽ 22 വരെ നടത്തും. ഒരൊറ്റ നിക്ഷേപ പദ്ധതിയിലൂടെ സ്വർണത്തിന്റെയും വെള്ളിയുടെയും പ്രകടനങ്ങളുടെ നേട്ടത്തിൽ പങ്കാളിയാകാനുള്ള സൗകര്യപ്രദവും സുതാര്യവുമായ മാർഗമാണിത്.

സ്വർണത്തിലും വെള്ളിയിലും സന്തുലിതമായി വകയിരുത്തൽ നടത്തും വിധം സ്വർണ, വെള്ളി ഇടിഎഫുകളിലാവും പദ്ധതി നിക്ഷേപം നടത്തുക. കുറഞ്ഞത് നൂറു രൂപയും തുടർന്ന് ഓരോ രൂപ വീതവും നിക്ഷേപിക്കാം. പണപ്പെരുപ്പം, കറൻസികളുടെ ചാഞ്ചാട്ടം എന്നിവയ്ക്കെതിരെ മികച്ച രീതിയിൽ ചരിത്രപരമായി നിക്ഷേപം നടത്താൻ സഹായിക്കുന്നവയാണ് സ്വർണവും വെള്ളിയുമെന്ന് ഇതേക്കുറിച്ചു സംസാരിക്കവെ ആക്സിസ് എഎംസി മാനേജിങ് ഡയറക്ടറും സിഇഒയുമായ ബി. ഗോപകുമാർ പറഞ്ഞു. ഇതോടൊപ്പം വൈവിധ്യവൽക്കരണത്തിന്റെ നേട്ടങ്ങളും നിക്ഷേപത്തിനു ലഭിക്കും. നിക്ഷേപകർക്ക് ലളിതവും ചെലവു കുറഞ്ഞതുമായ മാർഗത്തിലൂടെ ഈ ലോഹങ്ങളിൽ നിന്നു നേട്ടമുാക്കാനാണ് തങ്ങൾ അവസരം നല്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# പ്രീമിയം ഹോബ്സും ചിമ്മിനിയും അവതരിപ്പിച്ച് ക്രോംപ്ടൺ

**കൊച്ചി:** ക്രോംപ്ടൺ ഗ്രീവ്സ് കൺസ്യൂമർ ഇലക്ട്രിക്കൽസ് ലിമിറ്റഡ് പ്രീമിയം അടുക്കള ഉൽപ്പന്ന നിരകളായ വിയോണ ഹോബ്സ്, എലീറ്റിയോ ബിഎൽഡിസി ചിമ്മിനി എന്നിവ അവതരിപ്പിച്ചു. സീൽ ചെയ്ത ബർണർ സംവിധാനം, ഡയറക്ട് ഫ്ളേം ബർണറുകൾ, ഫ്ളേം ഫെയിലിയർ ഡിവൈസ്, ഹൈബ്രിഡ് ഹോബ്ടോപ്പ് ഡിസൈൻ എന്നിവയാണ് വിയോണ ഹോബ്സ് സീരീസിന്റെ സവിശേഷത. ഇന്ത്യൻ അടുക്കളകൾ നേരിടുന്ന പതിവ് പ്രതിസന്ധികളെ അഭിസംബോധന ചെയ്യുന്ന തരത്തിൽ രൂപകൽപ്പന ചെയ്യ്ത എലീറ്റിയോ ബിഎൽഡിസി ചിമ്മിനി സീരീസ് റാപ്പിഡ് സക്ഷൻ, ഇന്റലിജന്റ് ഓട്ടോക്ലീൻ, സ്മാർട്ട് ഓൺ എന്നിവയോട് കൂടിയുള്ളതാണെന്ന് ക്രോംപ്ടൺ ഗ്രീവ്സ് കൺസ്യൂമർ ഇലക്ട്രിക്കൽസ് ലിമിറ്റഡിന്റെ ലാർജ് കിച്ചൺ അപ്ലയൻസസ് ആൻഡ് ന്യൂ ബിസിനസസ് മേധാവി ആരുഷി അഗർവാൾ പറഞ്ഞു.'സ്മാർട്ട് ഇൻസൈഡ് ആൻഡ് സ്റ്റണ്ണിംഗ് ഔട്ട്സൈഡ്' എന്ന തീമിലുള്ള എലീറ്റിയോ ബിഎൽഡിസി ചിമ്മിനികളും വിയോണ പ്രീമിയം ഹോബുകളും 'ഉപഭോക്താവ് ആദ്യം' എന്ന ക്രോംപ്ടൺ വാഗ്ദാനത്തെ പ്രതിഫലിപ്പിക്കുന്നതാണെന്ന് ക്രോംപ്ടൺ വിയോണ ഹോബ്സ് സീരീസും എലീറ്റിയോ ബിഎൽഡിസി ചിമ്മിനികളും ഇപ്പോൾ രാജ്യവ്യാപകമായി അംഗീകൃത റീട്ടെയിൽ ഔട്ട്ലെറ്റുകളിൽ ലഭ്യമാണ്.

# ഗ്രാവിറ്റി എഐ സീരീസ് എയർ കണ്ടീഷണറുകളുമായി ഹയർ ഇന്ത്യ




**കൊച്ചി:** ആഗോള വീട്ടുപകരണ ബ്രാൻഡായ ഹയർ അപ്ലയൻസസ് ഇന്ത്യ തങ്ങളുടെ ഏറ്റവും പുതിയ ഉൽപ്പന്ന നിരയായ ഗ്രാവിറ്റി എഐ സീരീസ് എയർ കണ്ടീഷണറുകൾ അനാച്ഛാദനം ചെയ്തു. ഹയറിന്റെ ഗ്രേറ്റർ നോയിഡ ഫെസിലിറ്റിയിൽ നടന്ന 'എഐ ഫോർ എയർ' പരിപാടിയിലാണ് എഐ അറ്റ്മോക്സ് പിന്തുണയ്ക്കുന്ന പുതിയ മോഡലുകൾ അനാച്ഛാദനം ചെയ്തത്. ബ്രാൻഡിന്റെ ഇതുവരെയുള്ള ഏറ്റവും പ്രീമിയവും എഐ സംയോജിതവുമായ എസി സീരീസ് ഇന്ത്യയിൽ ഇന്റലിജന്റ് കൂളിംഗിന് പുതിയ മാനദണ്ഡം സൃഷ്ടിക്കുമെന്ന് കമ്പനി അധികൃതർ പറഞ്ഞു.

എഐ അറ്റ്മോക്സ് പവർ മാനേജർ ഉപയോഗിച്ച് ചെലവ് ചുരുക്കുന്ന എഐ, എഐ അറ്റ്മോക്സ് ന്യൂറോ ഉപയോഗിച്ച് സുഖസൗകര്യങ്ങൾക്കായുള്ള എഐ, എഐ അറ്റ്മോക്സ് ഓട്ടോ ക്ലീൻ ഉപയോഗിച്ച് സേവനത്തിനായുള്ള എഐ എന്നീ മൂന്ന് അടിസ്ഥാനങ്ങളിൽ രൂപപ്പെടുത്തിയിരിക്കുന്ന ഹയർ ഗ്രാവിറ്റി എഐ സീരീസ് എസികൾ എഐ ക്ലൈമറ്റ് കൺട്രോൾ 2.0 ഉൾപ്പെടുന്ന നെക്സ്റ്റ് ജനറേഷൻ ഫീച്ചറുകളുടെ കരുത്തുറ്റ സ്യൂട്ട് നൽകുന്നു. ഇത് ഉപയോക്തൃ സുഖസൗകര്യങ്ങൾ പഠിച്ച് വ്യക്തിഗത കൂളിംഗ് നൽകുന്നതിനൊപ്പം ഇൻഡോർ, ഔട്ട്ഡോർ സാഹചര്യങ്ങളെ അടിസ്ഥാനമാക്കി തത്സമയം പ്രകടനം ക്രമീകരിക്കുന്നതിന് ഡൈനാമിക് എൻവയോൺമെന്റൽ അഡാപ്റ്റേഷൻ ഉപയോഗിക്കുകയും ചെയ്യുന്നതായി കമ്പനി അധികൃതർ വ്യക്തമാക്കുന്നു.

മാനുവലായി പരിശ്രമം ആവശ്യമില്ലാത്ത ഓട്ടോ ക്ലീൻ ഔട്ട്ഡോർ സാങ്കേതികവിദ്യ, വേഗതയേറിയ തണുപ്പിക്കൽ, കുറഞ്ഞ ഊർജ്ജ ഉപയോഗം, വർഷം മുഴുവനും വിശ്വസനീയമായ പ്രകടനം എന്നിവ ഉറപ്പാക്കുന്ന ഉൽപ്പന്നങ്ങൾ എഐ ഫ്രോസ്റ്റ് സെൽഫ്ക്ലീൻ പ്രക്രിയ ഉപയോഗിച്ച് ഓരോ 24 മണിക്കൂറിലും സ്വയം വൃത്തിയാക്കുമെന്നും കമ്പനി അറിയിച്ചു. 90 ശതമാനം ഉൽപ്പാദനവും തദ്ദേശീയമായി നടക്കുന്നതിനാൽ തങ്ങൾ സ്വാശ്രയത്വം ശക്തിപ്പെടുത്തുകയും കാര്യക്ഷമത വർധിപ്പിക്കുകയും ഇന്ത്യയിലുടനീളമുള്ള വീടുകൾക്ക് വേഗത്തിലുള്ള ലഭ്യത ഉറപ്പാക്കുകയും ചെയ്യുന്നതായി ഹയർ അപ്ലയൻസസ് ഇന്ത്യ പ്രസിഡന്റ് എൻ.എസ്. സതീഷ് പറഞ്ഞു.

# കാർട്ടൂൺ നെറ്റ്‌വർക്കിൽ ഓം നോം സ്റ്റോറീസ് ; പോഗോയിൽ ഓമി നമ്പർ വൺ




**കൊച്ചി:** ക്രിസ്മസ്പുതുവത്സരത്തെ വരവേൽക്കാൻ വിവിധ കഥകളും ഓഫറുകളുമായി ആഗോള മൾട്ടീമീഡിയ കമ്പനിയായ വാർണർ ബ്രോസ് ഡിസ്കവറി. ഇതിന്റെ ഭാഗമായി കാർട്ടൂൺ നെറ്റ്‌വർക്കിൽ ഓം നോം സ്റ്റോറീസ് ഇന്ന് അരങ്ങേറ്റം കുറിക്കുന്നു. അതേസമയം പോഗോ ചാനലിൽ ഇന്ന് പുതിയ കോമഡി ഷോയായ ഓമി നമ്പർ വൺ ആരംഭിക്കുന്നു. തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 11.30നും വൈകുന്നേരം 7.00നും സംപ്രേഷണം ചെയ്യുന്ന ഓമി നമ്പർ വൺ ഹിന്ദി, തമിഴ്, തെലുങ്ക്, മലയാളം, കന്നഡ ഭാഷകളിൽ ലഭ്യമാകും.

ഉത്സവകാല ആവേശത്തിന് ആക്കം കൂട്ടിക്കൊണ്ട് ഡിസംബർ 25 മുതൽ ജനുവരി രണ്ട് വരെ എല്ലാദിവസവും രാവിലെ 11.30 ന് ടീൻ ടൈറ്റൻസ് ഗോയുടെ പുതിയ എപ്പിസോഡുകൾ കാർട്ടൂൺ നെറ്റ്‌വർക്ക് പുറത്തിറക്കുന്നു. പോഗോയിൽ ഡിസംബർ 21 വരെ എല്ലാ ഞായറാഴ്ചയും ഉച്ചയ്ക്ക് ഒരു മണിക്ക് ബിഗ് പിക്ചർ മൾട്ടിവേഴ്സ് കാ മായാജാൽ, ഡിസംബർ 27ന് രാവിലെ 11.30 ന് ജയ് ജഗന്നാഥ് ടെലിഫീച്ചർ മാരച്ച്ക കാ മായാജാൽ, ഡിസംബർ 28 ന് രാവിലെ 11.30 ന് ടെലിഫീച്ചർ ഛോട്ടാ ഭീം ആന്റ് ഘടോത്കച്ച് എന്നിവയുൾപ്പെടെ പ്രത്യേക ടെലിഫീച്ചറുകളും ക്രോസ്ഓവറുകളും അവതരിപ്പിക്കുന്നു.

# നത്തിംഗ് ഫോൺ (3എ) ലൈറ്റ് ഇന്ത്യയിൽ പുറത്തിറക്കി



**കൊച്ചി:** ലണ്ടൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന ടെക്നോളജി കമ്പനിയായ നത്തിംഗ് അതിന്റെ ഏറ്റവും പുതിയ മോഡലായ ഫോൺ (3എ) ലൈറ്റ് പുറത്തിറക്കി. ഇന്നലെ മുതൽ ഇന്ത്യൻ വിപണിയിൽ ഫോൺ ലഭ്യമായിത്തുടങ്ങി. ഇന്ത്യയിൽ ഫോൺ പുറത്തിറക്കുന്നതിന്റെ ഭാഗമായി ക്ലാസിക് കറുപ്പ്, വെള്ള നിറങ്ങൾക്കൊപ്പം പുതിയ നീല കളർ വേരിയന്റും കമ്പനി അവതരിപ്പിച്ചു. 8 ജിബി പ്ലസ് 128 ജിബി സ്റ്റോറേജുള്ള ഫോണിന് 20,999 രൂപയാണ് വിലയെങ്കിലും ബാങ്ക് ഓഫറുകൾക്കുശേഷം ഇത് 19,999 രൂപയ്ക്ക് ലഭിക്കുമെന്ന് കമ്പനി അറിയിച്ചു.

ഫ്ളിപ്പ്കാർട്ട്, വിജയ് സെയിൽസ്, ക്രോമ ഉൾപ്പെടെ രാജ്യത്തെ പ്രമുഖ റീട്ടെയിൽ സ്റ്റോറുകളിൽ ലഭ്യമാണ്. ഫോണിൽ നത്തിംഗിന്റെ സിഗ്നേച്ചർ ട്രാൻസ്പരന്റ് ഡിസൈൻ, 6.77 ഇഞ്ച് അമോലെഡ് ഡിസ്പ്ലേ, ട്രൂലെൻസ് എഞ്ചിൻ 4.0 സഹിതമുള്ള 50 എംപി പ്രധാന ക്യാമറ, മീഡിയടെക് ഡൈമൻസിറ്റി 7300 പ്രോ ചിപ്സെറ്റ്, 5000 എംഎഎച്ച് ബാറ്ററി എന്നിവയുണ്ട്. ഫോൺ (3എ) ലൈറ്റ് നത്തിംഗിന്റെ സുതാര്യമായ ഈസ്തറ്റിക് തുടരുന്നതോടൊപ്പം ഐപി54 റെസിസ്റ്റൻസ്, അലുമിനിയം ഇന്റേണൽ ഫ്രെയിം, ഫോണിൽ ട്രൂലെൻസ് എൻജിൻ 4.0 പിന്തുണയ്ക്കുന്ന 50 എംപി പ്രധാന .ക്യാമറയും അൾട്രാ എക്സ്ഡി ആർ നൈറ്റ് മോഡ്, 30 എഫ്പിഎസിൽ 4 കെ വീഡിയോ റെക്കോർഡിംഗ് എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ടെന്നും കമ്പനി അധികൃതർ അറിയിച്ചു.

മീഡിയടെക് ഡൈമൻസിറ്റി 7300 പ്രോ പ്രോസസർ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഫോൺ (3എ) ലൈറ്റ്, വെർച്വൽ റാം ഉൾപ്പെടെ 16 ജിബി വരെ റാമും 2 ടിബി വരെ സ്റ്റോറേജ് വിപുലീകരണവും വാഗ്ദാനം ചെയ്യുന്നു. 5000 എംഎഎച്ച് ബാറ്ററിയും 33 വാട്ട് ഫാസ്റ്റ് ചാർജിംഗും ചേർന്ന് ഒരു ദിവസത്തേക്ക് പവർ നൽകുന്നു. ആൻഡ്രോയിഡ് 15 അടിസ്ഥാനമാക്കിയുള്ള നത്തിംഗ് ഒഎസ് 3.5ലാണ് മൊബൈൽ പ്രവർത്തിക്കുന്നത്. മൂന്ന് വർഷത്തേക്ക് പ്രധാന ഒഎസ് അപ്ഡേറ്റുകളും 6 വർഷത്തേക്ക് സുരക്ഷാ പാച്ചുകളും ലഭിക്കുമെന്നും കമ്പനി അധികൃതർ അറിയിച്ചു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com